# നമ്മുടെ കാലത്തേക്ക് സെഫന്യാവിൽ നിന്ന് ഒരു വാക്ക്

സാക് പുന്നൻ

WFTW 15 നവംബർ 2015

സെഫന്യാവ് 1:4,5ൽ കർത്താവ് അരുളിച്ചെയ്തു: 'മറ്റു ജാതികളെ മാത്രമല്ല, യഹൂദയെയും യരുശലേമിനെയും കൂടെ ഞാൻ എൻറെ മുഷ്ടികൊണ്ട് തകർത്തു കളയുകയും അവരുടെ ബാൽ ആരാധനയുടെ ഓരോ അവസാന ശേഷിപ്പിനെയും ഞാൻ നശിപ്പിച്ചു കളയുകയും ചെയ്യും. കാരണം അവർ പുരമുകളിൽ കയറി സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും വണങ്ങുന്നു. അവർ യഹോവയെ ആരാധിക്കുന്നു എന്ന് അവകാശപ്പെടുന്നു, എങ്കിലും അവർ മൊലെക്കിനെ ആരധിക്കുന്നു.' യിസ്രയേലിനെ തങ്ങളുടെ തലത്തിലേക്കു വലിച്ചു താഴ്ത്തുന്നതിൽ കനാന്യർ വിജയിച്ചിട്ടുണ്ട്. യിസ്രയേൽ കനാനിലേക്കു പോയത് കനാന്യർക്കു സത്യദൈവത്തെ വെളിപ്പെടുത്തി കൊടുക്കാനാണ്. എന്നാൽ അവർ യിസ്രയേലിനെ അവരുടെ തലത്തിലേക്കു വലിച്ചു താഴ്ത്തി.

നിങ്ങൾ ഒരു മേശയുടെ മുകളിൽ നിന്നു കൊണ്ട് തറയിൽ നിൽക്കുന്ന ഒരാളിനെ മേശപ്പുറത്തേക്കു വലിച്ചു കയറ്റാൻ ശ്രമിക്കുകയാണെന്നിരിക്കട്ടെ. ഇതേ സമയം തന്നെ താഴെ നില്ക്കുന്ന ആൾ നിങ്ങളെ താഴേക്കു വലിച്ചിടാൻ ശ്രമിക്കുന്നു. അങ്ങനെയെങ്കിൽ നിങ്ങളെ വലിച്ചു താഴെയിടുന്നതിന് അയാൾക്കു കൂടുതൽ എളുപ്പമായിരിക്കും. ഇതാണ് യഹൂദയ്ക്കു സംഭവിച്ചത്. കനാന്യരുമായി യാതൊരു ഇടപാടുകളും ഉണ്ടാകരുതെന്നു യഹോവ യഹൂദയ്ക്കു മുന്നറിയിപ്പു നൽകിയിരുന്നു; എന്നാൽ അവർ ശ്രദ്ധിച്ചില്ല. അതിൻറെ ഫലം എന്തായിരുന്നു? യഹൂദയ്ക്കു കനാന്യരെക്കൊണ്ടു യഹോവയെ ആരാധിപ്പിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ കനാന്യർ യഹൂദയെ അവരുടെ തലത്തിലേക്കു വലിച്ചിട്ടു. അങ്ങനെ യഹൂദാ ബാലിനെയും, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ആരാധിച്ചു തുടങ്ങി. ഇതാണ് ഒരു ക്രിസ്തീയ സഭ അവരുടെ ആരാധനയെ 'ഭാരതീയവൽക്കരിക്കുമ്പോൾ' സംഭവിക്കുന്നത്. അവർ വിഗ്രഹാരാധനാപരമായ അക്രൈസ്തവ ആചാരങ്ങളിൽ ചെന്നവസാനിക്കുന്നു. ഒരു 'ക്രൈസ്തവ' പുരോഹിതനാൽ എഴുതപ്പെട്ട ഒരു പുസ്തകം ഞാൻ കണ്ടു. അതിൻറെ പുറംതാളിൽ, യേശു ഏഴു തലയുള്ള ഒരു പാമ്പിൻറെ കീഴിൽ ഇരിക്കുന്ന ഒരു ചിത്രം ഉണ്ടായിരുന്നു. ആ പാമ്പിനെ ഏഴു മടങ്ങ് പരിശുദ്ധാത്മാവിൻറെ പ്രതീകമായി സങ്കല്പിച്ചിരിക്കുന്നു!! ഇതാണ് 'ഭാരതീയവൽക്കരണ'ത്തിൻറെ ഫലം. മറ്റു സഭകളിൽ ക്രിസ്ത്യാനികളെ വലിച്ചു താഴ്ത്തുന്നത് ലോകമയത്വമായിരിക്കും.

ഒരു വിശ്വാസി അവിശ്വാസിയെ വിവാഹം കഴിക്കുമ്പോഴും ഇതേ കാര്യം തന്നെ സംഭവിക്കുന്നു. ആ അവിശ്വാസി തൻറെ തലത്തിലേക്ക് ആ വിശ്വാസിയെ വലിച്ചു താഴ്ത്തുന്നു. വിവാഹത്തിൻറെ സമയത്തു സ്ത്രീധനം ആവശ്യപ്പെടുക എന്നത് അധികം ക്രിസ്ത്യാനികളും അനുഷ്ഠിക്കുന്ന ഒരു ജാതീയ ആചാരമാണ്. ദൈവം സ്ത്രീധന വ്യവസ്ഥയെ വെറുക്കുന്നു. കാരണം അതു സ്ത്രീകളെ വിൽക്കാനുള്ള ഒരു വ്യാപാര ചരക്കായി കണക്കാക്കുന്നു. പ്രവാചകന്മാർ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് എതിരായി നിന്നതിനാൽ യിസ്രയേലിലെ മത നേതാക്കൾ ആ ഒരൊറ്റ കാരണത്താൽ അവരെ വെറുത്തു. ഇന്നും അത് അങ്ങനെ തന്നെയാണ്. അതുകൊണ്ട് സ്ത്രീധനത്തിനു വിരോധമായി ധൈര്യപൂർവ്വം ഒരു നിലപാടെടുക്കുന്ന സഭകൾ ഇന്ത്യയിൽ ഇന്നു തീരെ കുറവാണ്. ക്രിസ്ത്യാനികൾ ലോകത്തിൻറെ തലത്തിലേക്കു വലിച്ചു താഴ്ത്തപ്പെട്ടിരിക്കുന്നു! അവർ യേശുവിൻറെ നാമമാണ് എടുത്തിരിക്കുന്നത് എന്നാൽ അവർ തങ്ങൾക്കു ചുറ്റുമുള്ള ശേഷം ലോകത്തെപ്പോലെ ജീവിക്കുന്നു. 'ആ ദിവസത്തിൽ ഞാൻ നേതാക്കന്മാരെയും വിഗ്രഹാരാധനാപരമായ ആചാരങ്ങളെ പിൻതുടരുന്നവരെയും, തങ്ങളുടെ

ഭവനങ്ങളെ കൊള്ള കൊണ്ടു നിറയ്ക്കുന്നവരെയും ഞാൻ ശിക്ഷിക്കും' (സെഫ. 1:8,9). നേതാക്കന്മാർ വിഗ്രഹാരാധനാപരമായ ആചാരങ്ങൾ പിൻതുടരുന്നവരും പണസ്നേഹികളും തങ്ങളുടെ ഭവനങ്ങളെ അതുകൊണ്ടു നിറയ്ക്കുന്നവരും ആയിരുന്നു. പഴയനിയമ പ്രവാചകന്മാർ എപ്പോഴും ദൈവജനത്തിൻറെ നേതാക്കന്മാരെയും അവരുടെ പണസ്നേഹത്തെയും എതിർത്തുകൊണ്ടു സംസാരിച്ചു കാരണം അവരായിരുന്നു ഒന്നാമതു വീഴ്ചയിലായവർ. അതുകൊണ്ടു തന്നെ ആ നേതാക്കന്മാർ പ്രവാചകന്മാരെ 'മതനിന്ദക്കാർ' എന്നു വിളിക്കുകയും അവരെ പീഡിപ്പിക്കുകയും ചെയ്തു. ഇന്നു ദൈവം സഭയിലേക്ക് ഒരു പ്രവാചകനെ അയയ്ക്കുകയാണെങ്കിൽ, അദ്ദേഹവും പാസ്റ്റർമാരോടും, വിഷപ്പുമാരോടും അവരുടെ ഒത്തു തീർപ്പുകൾക്കും, അവരുടെ പണസ്നേഹത്തിനും വിരോധമായി സംസാരിക്കും. അപ്പോൾ ആ പാസ്റ്റർമാർ അദ്ദേഹത്തെ 'ദുരുപദേശക്കാരൻ' എന്നു വിളിക്കുകയും അദ്ദേഹത്തിന് അവരുടെ പ്രസംഗ പീഠങ്ങൾ അടച്ചു കളയുകയും അദ്ദേഹത്തെ പിഡിപ്പിക്കുകയും ചെയ്യും. പഴയ നിയമത്തിലെ ഓരോ പ്രവാചകനും ഉപദ്രവിക്കപ്പെട്ടു. ഒരുത്തൻ പോലും രക്ഷപ്പെട്ടില്ല. സ്തെഫാനോസ് യഹൂദന്മാരോടു ചോദിച്ചു: 'നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിക്കാത്ത ഒരൊറ്റ പ്രാവചകനെങ്കിലും ഉണ്ടോ?' (അപ്പൊ. പ്ര. 7:52). അവർക്ക് ഒരാളുടെ പേരു പോലും പറയുവാൻ കഴിഞ്ഞില്ല. എന്തുകൊണ്ടാണ് ആ പ്രവാചകന്മാരെല്ലാവരും പീഡിപ്പിക്കപ്പെട്ടത്? കാരണം അവർ നേതാക്കന്മാരുടെ പാപങ്ങളെ തുറന്നു കാണിച്ചു. യേശുക്രിസ്തു പ്രസംഗിച്ചപ്പോൾ അവിടുന്നു തൻറെ കാലത്തുണ്ടായിരുന്ന മദ്യപന്മാർക്കെതിരെയും, വ്യഭിചാരികൾക്കെതിരെയും കൊലപാതകർക്കെതിരെയും ചൂങ്കക്കാർക്കെതിരെയും പ്രസംഗിക്കുന്നതായി നാം കാണുന്നുണ്ടോ? ഇല്ല. അവിടുന്ന് അവർക്കെതിരായി ഒരു വാക്കും സംസാരിച്ചില്ല. അവിടുന്നു പറഞ്ഞു: 'ഞാൻ വന്നത് ആ പാപികളെ തേടി രക്ഷിക്കാനാണ്.' എന്നാൽ അവിടുന്നു കരുണയില്ലാതെ ചാട്ടവാർ പ്രയോഗിച്ചത്, തങ്ങളുടെ ബൈബിളും പിടിച്ചുകൊണ്ടു മീറ്റിംഗ് ഹാളുകളിൽ പ്രസംഗിക്കുകയും, പണത്തെ സ്നേഹിക്കുകയും കാപട്യമുള്ള ജീവിതം ജീവിക്കുകയും ചെയ്ത മത നേതാക്കന്മാർക്കെതിരെ ആയിരുന്നു. അതുകൊണ്ട് അവർ അവിടുത്തെ കൊന്നു. നിങ്ങൾ പിന്തുടരുന്നത് യഥാർത്ഥ യേശുവിനെയും സത്യപ്രവാചകന്മാരെയും ആണോ? അതോ ലൗകികരായ ക്രിസ്തീയ നേതാക്കന്മാരുമായി സൗഹൃതത്തിലായിരിക്കുകയും അവരോടുകൂടെ സദ്യയിൽ പങ്കുകൊള്ളുകയും ചെയ്യുന്ന കള്ള പ്രവാചകന്മാരെയും മറ്റൊരു യേശുവിനെയുമാണോ? ആദ്യം ന്യായവിധി വരുന്നത് ഈ നേതാക്കന്മാരുടെ മേലാണ്.

കർത്താവ് അരുളിച്ചെയ്തു: ഞാൻ വിളക്കുകൾ കൊണ്ടു യെരുശലേമിൻറെ ഇരുട്ടേറിയ മൂലകളിൽ അന്വേഷിക്കും. തങ്ങളുടെ പാപങ്ങളിൽ തൃപ്തരായിരിക്കന്നവരെയും നിർവ്വികാരികളെയും ഉന്മത്തരായി കിടന്നുകൊണ്ടു യഹോവ ഗുണമോ ദോഷമോ ചെയ്യുകയില്ല എന്നു പറയുന്നവരെയും ഞാൻ നശിപ്പിക്കും.' ഇന്നത്തെ സഭയിലും സുഖഭോഗങ്ങളിൽ ജീവിക്കുന്ന നേതാക്കന്മാരുണ്ട്. അവർ തങ്ങളുടെ പ്രസംഗങ്ങളിലൂടെ സമ്പന്നന്മാരായി തീർന്നവരും കർത്താവിൻറെ കല്പനകളോട് ഉദാസീനരും ആണ്. 'ഡയറക്ടർ', ചീഫ് പാസ്റ്റർ', 'ബിഷപ്പ്' തുടങ്ങിയ സ്ഥാനപ്പേരുകളെ അവർ സ്നേഹിക്കുന്നു. കർത്താവ് അവരെയെല്ലാം തുറന്നു കാണിക്കുവാൻ പോകുകയാണ്. ഒരു സഭ ആത്മീയമായി അധഃപതിക്കുമ്പോഴെല്ലാം; അത് എപ്പോഴും ആഡംബര സമൃദ്ധിയുടെ, സബൈര്യതയുടെ, സുഖ സൗകര്യങ്ങളുടെ, ആളുകളുടെ ആവശ്യങ്ങളിലുള്ള ഉദാസനീനതയുടെ, പ്രാർത്ഥനാ രാഹിത്യത്തിൻറെ ജീവിതത്തിലേക്കു നീങ്ങുന്നു. അനേകം ചെറുപ്പക്കാർ എരിവോടെ, ത്യാഗത്തോടെകൂടി, പ്രാർത്ഥനയോടെ, ഗൗരവമായി ദൈവവചനം പഠിക്കുന്നതോടൊപ്പം കർത്താവിനെ സേവിക്കാൻ തുടങ്ങുന്നു. എന്നാൽ 30 വർഷം കഴിഞ്ഞപ്പോൾ ആവർ 'ധനത്തിൻറെ വഞ്ചനയാൽ ഞെരുക്കപ്പെട്ട്' തണുത്തു പോകുവാൻ ഇടയാകുന്നു! നിങ്ങൾ ജഡത്തിൻറെ അഭിലാഷങ്ങളോട് പോരാടുന്നതിലും, ക്രിസ്തീയ ഗോളത്തിലെ ജീർണതയ്ക്കെതിരെ നിലകൊള്ളുന്നതിലും വിശ്വസ്തൻ അല്ലെങ്കിൽ, നിങ്ങൾക്കു ചുറ്റുമുള്ള

അഴിമതിക്കാരായ നേതാക്കന്മാരെപ്പോലെ നിങ്ങളും ആയിത്തീരും. നിങ്ങൾ ഞായറാഴ്ചയുടെ പ്രഭാതങ്ങളിൽ അനേകർക്കു പ്രസംഗങ്ങൾ വിളമ്പുന്ന, കുടുതൽ കുടുതൽ പണം സമ്പാദിക്കുന്ന, ആഡംബര സമൃദ്ധിയിൽ ജീവിക്കുന്ന, ഒരഭിഷേകവും നിങ്ങളുടെ മേൽ ഇല്ലാത്ത ഒരു ഔദ്യോഗിക പ്രസംഗകൻ ആയിരിക്കും. നിങ്ങൾ വലിയ പരമാർത്ഥതയോടെ ആരംഭിച്ചവനാണെങ്കിൽ പോലും സെഫന്യാവിൻറെ കാലത്ത് ഇതു സംഭവിച്ചു. ഇന്നും അതു തന്നെ സംഭവിക്കുന്നു.

പാപം ചെയ്യുന്നവർ ‘വഴി തപ്പി നടക്കുന്ന അന്ധന്മാരെ‘ പോലെ ആണെന്നാണ് കർത്താവ് വിവരിക്കുന്നത് (സെഫ. 1:17). നേതാക്കന്മാർ തന്നെ അന്ധന്മാരായാൽ അവരെ പിൻഗമിക്കുന്നവരെല്ലാവരും കുഴിയിൽ വീഴുമെന്നു മാത്രമേ പ്രതീക്ഷിക്കാൻ കഴിയൂ. അനന്തരം സെഫന്യാവ് പറയുന്നു: 'നിങ്ങളെ രക്ഷിക്കുവാൻ യഹോവയോടു യാചിക്കുക. താഴ്മയുള്ള ഏവരുമേ, അധികം താഴ്മയ്ക്കായി അന്വേഷിക്കുക‘ (സെഫ. 2:3). ‘അധികം താഴ്മയ്ക്കായി അന്വേഷിക്കുക‘ എന്തൊരു പ്രയോഗം! ദൈവം താഴ്മയുള്ളവരെ ആനുഗ്രഹിക്കുന്നു എന്നു സെഫന്യാവ് മനസ്സിലാക്കി. ഒരു വശത്തു ബാബിലോണിൻറെ നിഗളവും മറുവശത്തു യെരുശലേമിലെ ശേഷിപ്പിൻറെ താഴ്മയും. കയീൻറെയും, ഹാബേലിൻറെയും കാലം മുതൽ നാം കാണുന്നത്, മനുഷ്യപ്രകൃതിയിൽ രണ്ടു ദിശയുണ്ടായിട്ടുണ്ട് എന്നാണ്. ബാബിലോണും യെരുശലേമും. ദുഷിച്ച, മതപരമായ വ്യവസ്ഥയാണ് ബാബിലോൺ. ദൈവത്തിൻറെ സത്യസഭയാണ് യെരുശലേം. ഈ സഭ വിശേഷിപ്പിക്കപ്പെടുന്നത് അത്ഭുതങ്ങൾ കൊണ്ടോ, അടയാളങ്ങൾ കൊണ്ടോ അല്ല, എന്നാൽ താഴ്മയാലാണ്. കൂടുതൽ കൂടുതൽ താഴ്മ അന്വേഷിക്കുന്നതിൽ അവർ ഒരിക്കലും മടുത്ത പോകുന്നില്ല.

ഇനി, ഈ ശേഷിപ്പിൽ ഉൾപ്പെടുന്നവർ നേരിടുന്ന അപകടം എന്താണ്? അവർ തങ്ങളെത്തന്നെ മറ്റു സഭകളുമായി താരതമ്യം ചെയ്തിട്ട് തങ്ങൾ അവരെക്കാൾ ഉന്നതമായ നിലയിലായിരിക്കുന്നു എന്നതിൽ പുകഴുന്നതാണ് ആ അപകടം. കൃത്യമായി നിങ്ങൾ ഇങ്ങനെ തന്നെ ചിന്തിക്കണമെന്നാണ് പിശാച് ആഗ്രഹിക്കുന്നത്, കാരണം നിങ്ങൾ ഇപ്രകാരം ചിന്തിക്കാൻ തുടങ്ങുന്ന ആ നിമിഷത്തിൽ തന്നെ, ദൈവം നിങ്ങളുടെ ശത്രു ആയിത്തീരുകയും, നിങ്ങൾ നിന്ദിക്കുന്ന ആ ആളുകളെപ്പോലെ തന്നെ നിങ്ങളും ആയിത്തീരുകയും ചെയ്യും. എത്ര പെട്ടെന്ന് ആ ശേഷിപ്പിനു ബാബിലോണിൻറെ ഒരു ഭാഗമായി തീരാൻ കഴിയുമെന്നു നിങ്ങൾ കാണുക. അതുകൊണ്ടു താഴ്മയെ പിൻതുടരുക. എല്ലായ്പ്പോഴും നിങ്ങളുടെ മുഖത്തെ പൊടിയിൽ താഴ്ത്തുക. നിങ്ങളെ ഒരിക്കലും മറ്റുള്ള ആളുകളുമായി താരതമ്യം ചെയ്യാതിരിക്കുക. യേശുവുമായി മാത്രം നിങ്ങളെ താരതമ്യം ചെയ്യുക. ഇന്നു ദൈവജനത്തിൻറെ ശേഷിപ്പിൽ ഉൾപ്പെടുന്ന എല്ലാവരോടുമുള്ള എൻറെ ഉപദേശം ഇതാണ്.